പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7740 23-07-2012 -ൽ മറുപടിക്ക്.

മദ്യപാനംമൂലമുള്ള സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെന്റ് :<br>" കെ. അച്ചുതൻ :<br>" വി. റ്റി. ബൽറാം :<br>" ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ജനങ്ങളിലെ വർദ്ധിച്ചു വരുന്ന മദ്യപാനശീലത്തിൽ നിന്ന് ഉടലെടുക്കുന്ന സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഇല്ല. |
| (ബി) മദ്യപാനം എന്ന സാമൂഹ്യ വിപത്തിനെതിരെ ഏത് തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്; | (ബി) മദ്യപാനശീലം ഒഴിവാക്കുന്നതിനായി ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, മദ്യ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരികയും, അതിൽ അവരെ പങ്കാളികളാക്കുകയും ചെയ്യുന്നുണ്ട്. മദ്യാസക്തിക്കെതിരെ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനും, മദ്യ മയക്കു മരുന്നു വിപത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനത്തിനും തുടക്കം കുറിച്ചു. |
| (സി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (സി) സംസ്ഥാനത്തെ സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിച്ച്, വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ച് അവരെ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ലഹരി പദാർത്ഥങ്ങൾ വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക, മദ്യ - ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ, എക്സൈസ് വകുപ്പ്, ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും, എഫ്.എം. റേഡിയോ, ആകാശവാണി എന്നിവ |

വഴിയുള്ള പ്രചരണം എന്നിവയും നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായ സഹകരണത്തോടു കൂടി മദ്യത്തിനും മറ്റു ലഹരി പദാർത്ഥങ്ങൾക്കുമെതിരെ വിവിധ രീതികളിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു.

സെക്ഷൻ ആഫീസർ